No. of Printed Pages : 7

**FML-01**

**BDP / BCA / BTS**

**Term-End Examination**

**December, 2018**

01281

**FML-01 : FOUNDATION COURSE IN MALAYALAM**

*Time : 2 hours* *Maximum Marks : 50*

---

**സൂചനകൾ :**

*(i)* ചോദ്യം 1, **രണ്ട്** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക് വീതം.

*(ii)* ചോദ്യം 2, **മൂന്ന്** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.

*(iii)* ചോദ്യം 3, തർജ്ജമ ചെയ്യുക (ചോയിസ് ഇല്ല). 5 മാർക്ക്.

*(iv)* ചോദ്യം 4, **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. ഓരോന്നിനും 1 മാർക്ക് വീതം.

1. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉപന്യാസ രീതിയിൽ ഉത്തരമെഴുതുക : *2×10=20*

(a) മലയാളത്തിൽ വിഭക്തിയുടെ വകഭേദങ്ങൾ ഏതെല്ലാം ? ഉദാഹരണസഹിതം വിവരിക്കുക.

(b) "ജീവിതത്തിന്റെ ഒരു സംഭവത്തിന്റെയോ, രംഗത്തിന്റെയോ, ഭാവത്തിന്റെയോ ഗദ്യരൂപത്തിലുള്ള ഒരു അവതരണമാണ് ചെറുകഥ." കേസരി ബാലകൃഷ്ണപിള്ളയുടെ ഈ നിർവചനം നോവലിന്റെ കാര്യത്തിലും പ്രസക്തമാണ്. എം.ടി. വാസുദേവൻ നായരുടെ 'നാലുകെട്ട്' എന്ന നോവലിന്റെ കഥാഭാഗത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക.

(c) ധനം എന്നാൽ എന്ത് എന്ന് വിവരിച്ചു കൊണ്ട് സാമ്പത്തിക സ്ഥാപനങ്ങൾ സമൂഹത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും എങ്ങനെ സഹായിക്കുന്നു എന്ന് വിശദമാക്കുക.

(d) ഫീച്ചറിന്റെ രൂപവും ഭാവവും വിശദീകരിച്ചുകൊണ്ട് ഫീച്ചറും ലേഖനവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.

(e) സമൂഹജീവിതത്തിന്റെ കോലാഹലങ്ങൾക്കിടയിൽ വ്യക്തിയുടെ അന്തിമ യാത്രയുടെ ഏകാകിതയ്ക്കുള്ള ദാർശനികസത്യം മഹാകവി വള്ളത്തോൾ 'മാപ്പ്' എന്ന കവിതയിൽ എങ്ങനെ ആവിഷ്ക്കരിക്കുന്നു എന്ന് പരിശോധിക്കുക.

2. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും **മൂന്ന്** ചോദ്യങ്ങൾക്ക് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക : *3×5=15*

(a) ചിത്രത്തിന്റെ ഭാഷയും കാവ്യത്തിന്റെ ഭാഷയും തമ്മിലുള്ള വ്യത്യാസം എന്താണ് ?

(b) ദ്യോതകത്തിന്റെ വകഭേദങ്ങൾ ഏതെല്ലാം ? ഉദാഹരണസഹിതം വ്യക്തമാക്കുക.

(c) കണീകരണം എന്ന പ്രതിഭാസമെന്ത് ?

(d) പ്രമാണരേഖ എന്നാൽ എന്ത് ?
ചുരുക്കി വിവരിക്കുക.

(e) ടി. പത്മനാഭന്റെ കഥകളുടെ
സവിശേഷതകൾ എന്തെല്ലാം ?

(f) പൂക്കളുടെ നിറത്തിനടിസ്ഥാനമായ
വർണ്ണങ്ങളേതെല്ലാം ?

3. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക : 5

You will find happiness in life only if you have tolerance, adjustment and sacrifice. For a long time there have been efforts to end economic poverty of the world. But unless the poverty of knowledge is eradicated, economic poverty cannot be removed. Hoarding more than what you need is also intellectual poverty. To be unaware of your needs and also the means to get them *and depending on others to acquire them* is also intellectual poverty. Whatever be the measures of reforms taken, they will be of no use as long as such a poverty of knowledge is not addressed. It is therefore, everyone's duty to acquire such knowledge.

4. (a) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക : *5×1=5*

(i) "തരസാ നുകർന്നാലും തായതൻ നൈവേദ്യം നീ" എന്താണ് നൈവേദ്യം ?

(ii) 'തൈവെ', 'ഉദ്ധ്വയനം' എന്നീ വാക്കുകൾ ഏതൊക്കെ സന്ധികൾക്ക് ഉദാഹരണങ്ങളെന്ന് പരിശോധിക്കുക.

(iii) മുഖപ്രസംഗം എന്നാൽ എന്ത് ?

(iv) 'ലങ്കാലക്ഷ്മി' എന്ന നാടകത്തിന്റെ രചയിതാവ് ആര് ?

(v) 'പദം' – നിർവചിക്കുക.

(b) താഴെ കൊടുത്തിരിക്കുന്നവയുടെ വിട്ടു പോയ ഭാഗം ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് പൂരിപ്പിക്കുക : *5×1=5*

(i) ഭക്തപുരം സംവിധാനം ചെയ്തിരിക്കുന്നത് ________ ആകൃതിയിലാണ്.

(ഖഡ്ഗം, ശംഖ്, വൃത്തം)

(ii) 'ഇന്ന് ഞാൻ നാളെ നീ' എന്ന കവിതയുടെ രചയിതാവ് ______ .

(ജി. ശങ്കരക്കുറുപ്പ്, കുമാരനാശാൻ, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്)

(iii) ഹ്രസ്വം, ദീർഘം എന്നീ വ്യത്യാസത്തിനടിസ്ഥാനം ______ ആണ്.

(മാത്ര, ഉച്ചാരണം, സ്പർശം)

(iv) മനസ്സിന്റെ അധിഷ്ഠാനം ______ ആണ്.

(കുടൽ, പ്ളിഹ, മസ്തിഷ്കം)

(v) 'പടിക്കൽ', 'കുട്ടിക്ക്' എന്നി പദങ്ങൾ ഏത് വിഭക്തിയിലാണ് പ്രയോഗിച്ചിരിക്കുന്നത്.

(പ്രതിഗ്രാഹിക, ആധാരിക, സംയോജിക, ഉദ്ദേശിക)

---